ശ്രീ. പി. കെ. വേലായുധൻ : ബഹുമാനപ്പെട്ട മെമ്പർ സി. ടി. കൃഷ്ണന്റെ ഒരു സബ്മിഷനിൽ ഇന്നലെ ഇതു സംബന്ധിച്ച് വിശദീകരണം നൽകിയതാണ്.

ശ്രീ. കെ. പി. രാമൻ : കോഴിക്കോട്, വയനാട് ദേശസാൽക്കൃത റൂട്ടിൽ താമരശ്ശേരി സബ് ഡിപ്പോയാക്കുന്ന പ്രവർത്തനം എത്രത്തോളമായെന്നു വ്യക്തമാക്കാമോ ?

ശ്രീ. പി. കെ. വേലായുധൻ : താമരശ്ശേരി ഓപ്പറേറ്റിംഗ് സെന്റർ സബ് ഡിപ്പോയായി പ്രഖ്യാപിച്ചു കഴിഞ്ഞു. അതിന് നടപടികളും സ്വീകരിച്ചു കഴിഞ്ഞതാണ്.

ശ്രീ. ജോസ് കുറിയാനി : ഐരേഞ്ചി പ്രദേശത്തെ ഏക ഓപ്പറേറ്റിംഗ് സെന്ററായ മൂലമറ്റം ഓപ്പറേറ്റിംഗ് സെന്ററിനാവശ്യമായ സ്ഥലം ഇലക്ട്രിസിറ്റി ബോർഡ് വിട്ടുകൊടുക്കാമെന്ന് പറഞ്ഞിട്ടും ഒരു സബ് ഡിപ്പോയാക്കാനുള്ള നടപടി നാളിതുവരെയും സ്വീകരിച്ചിട്ടില്ല. അതിനു കാരണമെന്താണെന്നു വ്യക്തമാക്കാമോ; അതിനാവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കുമോ ?

ശ്രീ. പി. കെ. വേലായുധൻ : മൂലമറ്റത്ത് ആകെ എട്ടു ഷെഡ്യൂളുകൾ മാത്രമാണ് ഓപ്പറേറ് ചെയ്യുന്നത്. അതുകൊണ്ട് ആ ഓപ്പറേറ്റിംഗ് സെന്റർ സബ് ഡിപ്പോയാക്കുന്ന കാര്യം ഇപ്പോൾ ആലോചിക്കാൻ നിവർത്തിയില്ല.

ബാലവാടികൾ അംഗനവാടികളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനം

* 349. [375] ഡോക്ടർ എ. സുബ്ബറാവു :
ശ്രീ. കെ. വി. സുരേന്ദ്രനാഥ് :
,, കെ. ഇ. ഇസ്മയിൽ :
,, കെ. ടി. കുണാരൻ :
,, കാനം രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലവാടികൾ അംഗനവാടികളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനം എത്രകണ്ട് പുരോഗമിച്ചിട്ടുണ്ട് ;

(ബി) ബാലവാടി ടീച്ചേഴ്സിന് അംഗനവാടി ടീച്ചേഴ്സിന്റെ ശമ്പളം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഗ്രാമവികസന വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) പ്രവർത്തനക്ഷമമായ 60 ഐ. സി. ഡി. എസ്. ബ്ലോക്കുകളിലുണ്ടായിരുന്ന ചുരുക്കം ചില ബാലവാടികളൊഴിച്ച് എല്ലാ ബാലവാടികളെയും അംഗനവാടികളാക്കി മാറ്റിയിട്ടുണ്ട്.

(ബി) ബാലവാടി അദ്ധ്യാപകർക്ക് അംഗനവാടി അദ്ധ്യാപകരുടെ തോതിൽ അലവൻസ് വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

Dr. A. Subha Rao : What is the emoluments or honorarium given to the Balawadi and Anganwadi teachers respectively, difference in the working hours and the works of these teachers in these institutions?

ശ്രീ. രമേശ് ചെന്നിത്തല : അംഗനവാടി വർക്കർമാരിൽ എസ്. എസ്. എൽ. സി. പാസ്സായിട്ടുള്ളവർക്ക് 250 രൂപയും എസ്. എസ്. എൽ. സി. തോറ്റവർക്ക് 200 രൂപയുമാണ്. അംഗനവാടി ഹെൽപ്പർമാർക്ക് 90 രൂപയുമാണ്., ഈ ബാലവാടി റീച്ചേഴ്സിനാണെങ്കിൽ എസ്. എസ്. എൽ. സി. പാസ്സായവർക്ക് 175 രൂപയും എസ്. എസ്. എൽ. സി. തോറ്റവർക്ക് 125 രൂപയുമാണ്. ഹെൽപ്പർക്ക് അല്ലെങ്കിൽ ഫീഡിംഗ് സെന്റർ കൺവീനർക്ക് 50 രൂപയുമാണ്. വർക്കിംഗ് അവേഴ്സ് എല്ലാം ഒരുപോലെയാണ്.

Dr. A. Subha Rao : May I know whether there is any time bound programme to convert these Balawadi to Anganwadi, and if so what is the time that you require to change these Balawadi to Anganwadi ?

ശ്രീ. രമേശ് ചെന്നിത്തല : നമ്മുടെ സംസ്ഥാനത്ത് ഫീഡിംഗ് നടക്കുന്ന ബാലവാടികളേയും അംഗനവാടികളേയും സംയോജിപ്പിക്കുവാനുള്ള ഒരു നീക്കമുണ്ടായത് 1-4-1985-ലാണ്. ഒരു ഏജൻസി മുഖേന മാത്രമേ നടത്താവൂ എന്നുള്ള തീരുമാനത്തിന്റെ വെളിച്ചത്തിൽ ആണ് ഇതുണ്ടായത്. ഇപ്പോഴത്തെ കണക്ക് 60 ഐ. സി. ഡി. എസ്. ബ്ലോക്കുകളിലാണ് ഈ ബാലവാടികളെ കൺവർട്ട് ചെയ്തത് മാറിയിട്ടുള്ളത്. കേന്ദ്ര ഗവൺമെന്റിന്റെ സെക്രട്ടറിലും സംസ്ഥാന ഗവൺമെന്റ് നേരിട്ടാണ് ഇപ്പോഴത്തെ രണ്ട് വിധത്തിൽ അംഗനവാടികളും ബ്ലോക്ക് തലത്തിൽ നടപ്പിലാക്കികൊണ്ടിരിക്കുന്നത്. ഈ വർഷംതന്നെ 5 ബ്ലോക്കുകളെക്കൂടി അംഗനവാടികളായി കൺവർട്ട് ചെയ്തിട്ടുണ്ട്. അങ്ങനെ ക്രമാനുഗതമായിട്ടാണ് മാറ്റം വരുത്തിക്കൊണ്ടിരിക്കുന്നത്.

ശ്രീ. കെ. ഇ. ഇസ്മയിൽ : ഇവിടെ ചോദ്യത്തിനുത്തരമായിട്ട് 1796 ബാലവാടികളുണ്ടെന്നാണ് പറഞ്ഞിട്ടുള്ളത്. അതിൽ തൊള്ളായിരത്തിലേറെ ബാലവാടികളെ അംഗനവാടികളാക്കി മാറിയിരിക്കുന്നതായി ഇപ്പോഴത്തെ പറയുന്നുള്ളു. ബാക്കി ബാലവാടിക്കളെ എന്താണ് ചെയ്യാനുദ്ദേശിക്കുന്നത് എന്ന് വിശദീകരിക്കാമോ ?

ശ്രീ. രമേശ് ചെന്നിത്തല : ബാക്കി ബാലവാടികളുടെ പ്രവർത്തനം ഇപ്പോഴും നടന്നുവരുന്നുണ്ട്. ഈ ഇൻറഗ്രേഷനുശേഷം 909 ബാലവാടികളാണ് ഇൻറഗ്രേറ്റ് ചെയ്തത് അംഗനവാടികളാക്കി മാറിയിട്ടുള്ളത്. സി. പി. ഡബ്ല്യു. ഡി. ബാലവാടികളും 1796-ം ഫീഡിംഗ് സെന്ററുകളും 4011 എണ്ണവുമാണ് കേരളത്തിൽ ഇപ്പോഴും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. അംഗനവാടികളാക്കി മാറ്റുന്നതോടെ ബാലവാടികളുടെ പ്രവർത്തനം നിലയ്ക്കുകയും അംഗനവാടികളിലൂടെ അതിന്റെ പ്രവർത്തനം നടപ്പിലാക്കുകയും ചെയ്യുന്നതാണ്.

ശ്രീ. കെ. ഇ. ഇസ്മയിൽ : അംഗനവാടികളിലെയും ബാലവാടികളിലെയും ജീവനക്കാരുടെ ശമ്പളം ഏകീകരിക്കാനുള്ള നടപടിയെടുക്കുമെന്ന് ഇവിടെ പറഞ്ഞു. ഇപ്പോഴും കൊടുക്കുന്ന ശമ്പളം വളരെ പരിമിതം ആണെന്നു

LIBRARY ARCHIVES Kerala Legislative Assembly

ള്ളതുകൊണ്ട് ഇത് നടപ്പിലാക്കണമെന്ന ആവശ്യം ഈ സംഘടന ഉന്നയിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് എന്തെങ്കിലും നടപടികൾ സ്വീകരിക്കുകയോ വർദ്ധിപ്പിച്ചുകൊടുക്കുന്നതിനുള്ള എന്തെങ്കിലും നടപടികൾ ആരംഭിക്കുകയോ ചെയ്തിട്ടുണ്ടോ ?

ശ്രീ. രമേശ് ചെന്നിത്തല : അംഗനവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ശമ്പളത്തിന് തുല്യമായി ബാലവാടി അദ്ധ്യാപികമാർക്ക് ശമ്പളം ഉയർത്തണമെന്നുള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനോട് തത്വത്തിൽ ഗവൺമെന്റിന് യോജിപ്പാണുള്ളത്. അതിനുവേണ്ടിയുള്ള നടപടികളാണ് എടുത്തുകൊണ്ടിരിക്കുന്നത്. ഫൈനാൻസ് ഡിപ്പാർട്ടുമെന്റ് ഇപ്പോഴും അത് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. ടി. കണാരൻ : ബഹുമാനപ്പെട്ട മന്ത്രി ഇവിടെ മറുപടി പറഞ്ഞപ്പോൾ പുതിയതായി ഈ വർഷം 5 ബ്ലോക്കുകളിൽക്കൂടി ഐ.സി.ഡി.എസ്. പ്രോഗ്രാം നടപ്പിലാക്കുന്നുവെന്നു പറഞ്ഞു. ഈ അഞ്ചിൽ ഗവൺമെന്റ് ശുപാർശ ചെയ്തിട്ടുള്ള കുന്നുമ്മേൽ ബ്ലോക്ക് ഉണ്ടായിരുന്നോ ? കുന്നുമ്മേൽ ബ്ലോക്ക് ആ അഞ്ചിൽ ഉൾപ്പെടുമോ എന്ന് വ്യക്തമാക്കാമോ ?

ശ്രീ. രമേശ് ചെന്നിത്തല : ആ അഞ്ചിൽ കുന്നുമ്മേൽ ബ്ലോക്ക് ഉൾപ്പെടുകയില്ല. സാമൂഹ്യക്ഷേമ ഡിപ്പാർട്ടുമെന്റാണ് അത് ശുപാർശ ചെയ്യുന്നത്. കേന്ദ്ര ഗവൺമെന്റ് സെക്രട്ടറിലും അതോടൊപ്പംതന്നെ സംസ്ഥാന ഗവൺമെന്റ് സെക്രട്ടറിലുമാണ് ഇതിപ്പോൾ നടപ്പിലാക്കികൊണ്ടിരിക്കുന്നത്.

ശ്രീ. കെ. ടി. കണാരൻ : കെയറിന്റെ പ്രവർത്തനം ഇവിടെ അവർ അവസാനിപ്പിച്ച് പിരിഞ്ഞുപോകുന്ന പശ്ചാത്തലത്തിൽ കെയറിന്റെ സഹായത്തോടുകൂടി ബാലവാടി കെട്ടിട നിർമ്മാണം തുടങ്ങുകയും അതിന്റെ പണികൾ പൂർത്തിയാകാതിരിക്കുകയും ചെയ്യുന്നുണ്ട്. അപ്പോൾ കെയറിന്റെ സേവനം അവസാനിപ്പിക്കുന്ന പശ്ചാത്തലത്തിൽ അത്തരം ബാലവാടി കെട്ടിടങ്ങൾ പൂർണ്ണമായും പ്രയോജനപ്രദമാക്കുന്നതിനുള്ള ധനസഹായം സംസ്ഥാന ഗവൺമെന്റ് ചെയ്യാൻ ഭയവുണ്ടാകുമോ ?

ശ്രീ. രമേശ് ചെന്നിത്തല : ഇപ്പോൾ നമ്മുടെ സംസ്ഥാനത്ത് കെയറിന്റെയും സ്റ്റേറ്റ് ഗവൺമെന്റിന്റെയും അതോടൊപ്പംതന്നെ പൊതുജന പങ്കാളിത്വത്തോടും കൂടിയാണ് ബാലവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നത്. 1987 ജനുവരി മുതൽ കെയറിന്റെ സഹായം നിർത്തലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിനു പകരമായി വേൾഡ് ഫുഡ് പ്രോഗ്രാം എന്നുള്ള മറെറാരു പ്രോഗ്രാമിന്റെ കീഴിൽ ഫീഡിംഗ് തുടർന്ന് നടക്കുന്നതാണ്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചത് ബാലവാടി കെട്ടിടങ്ങളുടെ പണി പൂർത്തിയാകാതിരിക്കുന്നതിനെപ്പറ്റിയാണ്. തീർച്ചയായും അക്കാര്യം ഗവൺമെന്റ് പരിശോധിക്കുന്നതാണ്. അത് പൂർത്തിയാക്കുന്നതിനുള്ള നടപടികൾ എങ്ങനെ സ്വീകരിക്കാൻ കഴിയുമെന്നുള്ളതിനെ സംബന്ധിച്ച് ആലോചിച്ച് ഒരു തീരുമാനം എടുക്കുന്നതാണ്.

ശ്രീ. കാനം രാജേന്ദ്രൻ : ഈ ബാലവാടികൾ അംഗനവാടികളാക്കി മാറ്റി ആയിരത്തിന് ഒന്ന് എന്നുള്ള തോതിൽ അംഗനവാടികൾ തുടങ്ങുമ്പോൾ പല സ്ഥലങ്ങളിലും അതിനാവശ്യമായ കെട്ടിടങ്ങൾ ഇല്ലെന്നുള്ള വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? പ്രത്യേക ഘടക പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly

യിലോ അല്ലെങ്കിൽ എൻ. ആർ. ഇ. പി. യിലോ ഉൾപ്പെടുത്തി കെട്ടിടങ്ങൾ പണിയുന്നതിന് ആവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. രമേശ് ചെന്നിത്തല : കെട്ടിടങ്ങളില്ലെന്നുള്ള കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇപ്പോഴും പലതും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. പക്ഷേ എൻ. ആർ. ഇ. പി.യിൽ പെടുത്തി അതിനുള്ള കെട്ടിടങ്ങൾ നിർമ്മിക്കുകയെന്നുള്ളത് ഇപ്പോഴും ഗവൺമെൻറിന്റെ പരിഗണനയിൽ ഇല്ലാത്ത കാര്യമാണ്.

ശ്രീ. കാനം രാജേന്ദ്രൻ : അംഗനവാടികൾ തുടങ്ങുന്നതിന് അനുബന്ധമായി പ്രൈമറി ഹെൽത്ത് സെൻററുകളിൽ ആരോഗ്യ സംരക്ഷണത്തിന് ആവശ്യമായ സ്റ്റാഫ് പല സ്ഥലത്തും ഇല്ല. അതുകൊണ്ട് ഡിപ്പാർട്ടുമെൻറ് മുൻകൈ എടുത്ത് അംഗനവാടികൾ ആരംഭിച്ചിട്ടുള്ള ഐ. സി. ഡി. എസ്. ബ്ലോക്കിന്റെ പരിധിയിലുള്ള ആരോഗ്യകേന്ദ്രങ്ങളിൽ ആവശ്യത്തിനുള്ള സ്റ്റാഫിനെ നിയമിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുമോ ?

ശ്രീ. രമേശ് ചെന്നിത്തല : അംഗനവാടികളിൽ രോഗപ്രതിരോധത്തിനുള്ള കുത്തിവയ്പുകൾ തുടങ്ങിയ ആരോഗ്യ പരിപാലന സംവിധാനത്തിന്റെ കാര്യത്തിൽ സാമൂഹ്യക്ഷേമ ഡിപ്പാർട്ടുമെൻറ് അതിനുള്ള നടപടികൾ എടുത്തു വരികയാണ്.

ശ്രീമതി കെ. ആർ. ഗൗരി : അംഗനവാടികളുള്ള സ്ഥലങ്ങളിൽ ഉള്ള ബാലവാടികളെയാണ് അമാൽഗമേറ്റ് ചെയ്തത്. ഐ. സി. ഡി. എസ്. പ്രോജക്റ്റുള്ള സ്ഥലങ്ങളിലാണു ബാലവാടികളെ അംഗനവാടികളുമായിട്ട് ലയിപ്പിച്ചത്. അങ്ങനെ ലയിപ്പിച്ച സ്ഥലങ്ങളിൽ, ഉദാഹരണമായിട്ട് ഹരിപ്പാട്, അങ്ങയുടെ നിയോജകമണ്ഡലത്തിൽ കെട്ടിടം കൊടുക്കാത്തതിന്റെ പേരിലാണ് കൊടുക്കാതിരിക്കുന്നത്. കെട്ടിടം കൊടുത്താൽ കൊടുക്കാമെന്ന് പറഞ്ഞു. അതു കൊടുത്തിട്ടില്ല. അതുപോലെതന്നെ ഹരിജന ബാലവാടികൾ സാമൂഹ്യ വികസന വകുപ്പ് തുടങ്ങിയതാണ്. ആ ഹരിജന ബാലവാടികൾ എല്ലാം പിരിച്ചുവിട്ടിട്ട് അതിൽ ജോലിചെയ്തിരുന്ന ഒരൊറ്റ അംഗനവാടി ടീച്ചേഴ്സിനെയോ അതിലുള്ള ആയമാരെയോ ഇതുവരേയും സർവ്വീസിൽ എടുത്തിട്ടില്ലെന്നുള്ള വിവരം അറിയാമോ ? അങ്ങനെ എടുത്തിട്ടില്ലാത്തവരെ നിയമപ്രകാരം തിരിച്ചെടുപ്പിക്കാനുള്ള നടപടി എടുക്കുമോ ?

ശ്രീ. രമേശ് ചെന്നിത്തല : ഈ ബാലവാടികൾ അംഗനവാടികളാക്കി മാറ്റിയപ്പോൾ കുറുക്കും ചില അംഗനവാടി, ബാലവാടി അദ്ധ്യാപികമാർക്ക് ജോലി ലഭിച്ചിട്ടില്ലെന്നുള്ള വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് രണ്ട് കാര്യങ്ങളിലാണ്. ഒന്ന് മഹിളാസമാജങ്ങളുടെ കെട്ടിടങ്ങൾ വിട്ടു കൊടുത്താൽ മാത്രമേ അംഗനവാടികളാക്കി മാറ്റുകയുള്ളൂ എന്നതാണ് 9-10-1985-ലെ ഗവൺമെൻറ് ഓർഡർ പ്രകാരം നിർദ്ദേശിച്ചിട്ടുള്ളത്. മഹിളാ സമാജങ്ങളുടെ കെട്ടിടങ്ങൾ നിർമ്മിക്കുന്നത് പൊതുജനങ്ങളുടെ സഹായത്തോടുകൂടി അവരുടെ നേതൃത്വത്തിലാണ്. ഗവൺമെൻറിന് ഒരു സന്നദ്ധസംഘടനയോട് അവരുടെ കെട്ടിടം നിർബന്ധമായും വിട്ടുകൊടുക്കണമെന്ന് നിർബന്ധിക്കാൻ സാദ്ധ്യമല്ല. പക്ഷേ ഇക്കാര്യത്തിൽ ഈ ബാലവാടി അദ്ധ്യാപികമാരെ അംഗനവാടി വർക്കർമാരായും കൺവീനർമാരെ ഹെൽപ്പർമാരായും

LIBRARY ARCHIVES Kerala Legislative Assembly

എടുക്കാവുന്ന കേസുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. അതോടൊപ്പം കാളിഫിക്കേഷന്റെ കാര്യത്തിൽ 50 വയസ് കഴിഞ്ഞവരെ എടുക്കാൻ പാടില്ല, അങ്ങനെയുള്ള കാളിഫിക്കേഷന്റെ കാര്യത്തിൽ ചില ബുദ്ധിമുട്ടുകൾ വന്നിട്ടുണ്ട്. അതുകൊണ്ട് അങ്ങനെയുള്ള ചില ആളുകളെ അംഗനവാടി ഹെൽപ്പർമാരായും വർക്കർമാരായും നിയമിച്ചിട്ടില്ല. ഗവൺമെന്റ് ഇക്കാര്യം പരിശോധിച്ചു വരികയാണ്. അംഗനവാടി അദ്ധ്യാപികമാരെ എത്രയുംവേഗം അവരുടെ യോഗ്യതയും കെട്ടിടം വിട്ടുകൊടുക്കാത്തതും ഒന്നുമൊരു പ്രശ്നമാകാതെ തന്നെ ബാലവാടികളിൽ വർഷങ്ങളായി വർക്ക് ചെയ്തുകൊണ്ടിരുന്ന അദ്ധ്യാപികമാരെ സർവ്വീസിൽ എടുക്കുന്ന കാര്യത്തിൽ ഗവൺമെന്റ് അനുഭാവപൂർവ്വമായ സമീപനം സ്വീകരിക്കുന്നതാണ്. എത്രയും പെട്ടെന്ന് ഈ കാര്യത്തിൽ ഒരു തീരുമാനം എടുക്കുന്നതാണ്.

ശ്രീ. ഇ. പത്മനാഭൻ : ചില മഹിളാസമാജങ്ങൾ കെട്ടിടങ്ങൾ അംഗനവാടികൾക്ക് വിട്ടുകൊടുക്കുന്നില്ലെന്ന് മന്ത്രി പറഞ്ഞു. ബാലവാടികൾ നിർത്തലാക്കുകയും അംഗനവാടികൾ തുടങ്ങാൻ സാധിക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ഉണ്ടായിട്ടുള്ള പ്രയാസങ്ങൾ കണക്കിലെടുത്തുകൊണ്ട് ഈ മഹിളാസമാജങ്ങൾ കെട്ടിടങ്ങൾ നിർബന്ധമായും അംഗനവാടികൾക്ക് വിട്ടുകൊടുക്കണമെന്ന് ഗവൺമെന്റിന് നിർബന്ധപൂർവ്വം തീരുമാനം എടുത്തുകൂടേ ?

ശ്രീ. രമേശ് ചെന്നിത്തല : ഞാൻ ഇവിടെ സൂചിപ്പിച്ചതുപോലെ തന്നെ ഈ മഹിളാസമാജങ്ങൾ എന്നു പറയുന്നത് ഒരു സന്നദ്ധസംഘടന എന്നുള്ള നിലയിലാണ് അവർ പ്രവർത്തനം നടത്തുന്നത്. ഇപ്പോൾ ഈ ബാലവാടികളുടെ കെട്ടിടങ്ങൾ അംഗനവാടികൾക്ക് വിട്ടുകൊടുക്കണമെന്നുള്ള നിർദ്ദേശം ഉണ്ടെങ്കിലും മഹിളാ സമാജങ്ങളുടെ പ്രവർത്തനങ്ങൾക്കുകൂടി interpret ചെയ്താലും ഈ കെട്ടിടങ്ങൾ വിട്ടുകൊടുക്കണമെന്നുള്ള നിർദ്ദേശം കൂടിയുണ്ട്. പക്ഷേ ഗവൺമെന്റിന് ഇത് പറയാമെന്നുള്ളതല്ലാതെ മഹിളാസമാജങ്ങൾ സന്നദ്ധസംഘടനകളായതുകൊണ്ട് നിർബന്ധിക്കാൻ കഴിയുകയില്ല.

ശ്രീ. ബേബിജോൺ : മഹിളാസമാജങ്ങൾ കെട്ടിടങ്ങൾ വിട്ടുകൊടുക്കാത്തതുമൂലം ഈ ബാലവാടി ടീച്ചേഴ്സിനു ജോലി ഇല്ലാതെ വരുന്ന സാഹചര്യം ഗവൺമെന്റ് അനുഭാവപൂർവ്വം പരിശോധിച്ചുകൊണ്ടിരിക്കുകയാണെന്ന് പറഞ്ഞു. ഇവരെ എന്നത്തേക്ക് അബ്സോർബ് ചെയ്യാൻ കഴിയുമെന്നു പറയാമോ ? അനുഭാവപൂർവ്വമായ പരിശോധന മാത്രം പോരല്ലോ, ഏതെങ്കിലും ഒരു ഡേറ്റ് വച്ചിട്ട് ഇന്ന തീയതിക്കുള്ളിൽ ഇവരെ അബ്സോർബ് ചെയ്യാനുള്ള നടപടി സ്വീകരിക്കുമെന്ന് ഖണ്ഡിതമായി പറയാമോ ?

ശ്രീ. രമേശ് ചെന്നിത്തല : കളക്ടർ ചെയർമാനായിട്ടുള്ള കമ്മിറ്റിയാണ് ഇക്കാര്യത്തിൽ അന്തിമമായ തീരുമാനം എടുക്കേണ്ടത്. ഞങ്ങൾ അവരോട് ആവശ്യപ്പെട്ടിട്ടുണ്ട്. എത്രയും പെട്ടെന്ന് അതിനുള്ള തീരുമാനം എടുക്കണമെന്ന്. ഇപ്പോൾ വളരെ ചുരുക്കം കേസ്സുകൾ മാത്രമാണ് ഇക്കാര്യത്തിൽ തീരുമാനം എടുക്കാൻ ബാക്കിയുള്ളത്. എന്റെ നിയോജകമണ്ഡലത്തിൽ ഇതുപോലുള്ള 6 കേസുകളാണ് ഉള്ളത്. ഗവൺമെന്റ് ഇക്കാര്യത്തിൽ ഏതാണ്ട് രണ്ട് മാസത്തിനുള്ളിൽ തീരുമാനമെടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly